# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 11

# വാർത്താക്കുറിപ്പ്

## ഡോ.കെ. മാത്യുകുര്യൻ അനുസ്മരണവും കേരള വികസന സംവാദവും നാളെ (ജനുവരി 13)

സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ രാജ്യസഭാംഗവും ഇന്ത്യൻ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ സ്ഥാപക അധ്യക്ഷനുമായിരുന്ന ഡോ.കെ. മാത്യുകുര്യനെ മഹാത്മാഗാന്ധി സർവകലാശാല അനുസ്മരിക്കുന്നു. സർവകലാശാല സാമൂഹികശാസ്ത്ര ഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനവും 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിലുള്ള ഏകദിന സംവാദവും നാളെ (ജനുവരി 13) പുല്ലരിക്കുന്ന് കാമ്പസിൽ നടക്കും. രാവിലെ 9.45ന് വൈസ് ചാൻസലർ പ്രൊഫ.സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. കേരള ചരിത്രഗവേഷണ കൗൺസിൽ ചെയർമാൻ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ അനുസ്മരണ പ്രഭാഷണം നടത്തും.

സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, സാമൂഹികശാസ്ത്ര ഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. വി. മാത്യു കുര്യൻ എന്നിവർ സംസാരിക്കും.

സംവാദ പരിപാടിയിൽ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഓണററി ഫെലോയുമായ പ്രൊഫ. എം.എ. ഉമ്മൻ മുഖ്യപ്രഭാഷണം നടത്തും. ജവാഹർലാൽ നെഹ്റു സർവകലാശാല സാമൂഹികശാസ്ത്ര വിഭാഗം അധ്യാപിക ഡോ.സൂസൻ വിശ്വനാഥൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ഡോ.ബി. ഇക്ബാൽ, സി.ഡി.എസിലെ അധ്യാപകൻ ഡോ.കെ.കെ. ഈശ്വരൻ, ഡോ. അഭിലാഷ് ബാബു എന്നിവർ പങ്കെടുക്കും. നരവംശശാസ്ത്രജ്ഞ ഡോ. വിനീതാ മേനോൻ അധ്യക്ഷത വഹിക്കും.

നവലിബറൽ കാലഘട്ടത്തിൽ കേരളത്തിന്റെ വികസനം നേരിടുന്ന വെല്ലുവിളികളും പ്രളയാനന്തര കേരളം മുന്നോട്ട് വയ്ക്കുന്ന വികസനപദ്ധതികളുടെ സാധ്യതകളും പരിമിതികളും ചർച്ച ചെയ്യും. നോട്ടുപിൻവലിക്കൽ, ചരക്ക-സേവന നികുതി നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങൾ സാമ്പത്തിക വികസന മേഖലയിൽ സൃഷ്ടിച്ച അനിശ്ചിതത്വം, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ മാറുന്ന പരിസ്ഥിതി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ പുതിയ വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങളും ചർച്ചയാകും.

(പി.ആർ.ഒ/39/52/2020)

## Dr Mathew Kurian Memorial Lecture and Colloquium on Regional Development

The Inter University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University is organising a memorial lecture and a colloquium in honour of the late Dr. K. Mathew Kurian, a prominent economist, thinker and institution builder. Dr. Kurian was a former Member of the Rajya Sabha, the Founder-Director of the Indian School of Social Sciences, the Founder-Director of the Indian Institute of Regional Development Studies and the Founder-Editor of the internationally renowned journal, *Social Scientist*.

The Memorial Lecture, to be held on 13 January 9.45 am, will be delivered by Prof P. K. Michel Tharakan, Chairman, Kerala Council for Historical Research (KCHR) at the Pullarikunnu campus, Kottayam. The Lecture will be followed by the Colloquium on “Regional Development: Kerala’s Challenges.” The Keynote address will be delivered by eminent economist, Prof. MA Oommen, Honorary Fellow, Centre for Development Studies (CDS). The speakers at the Colloquium are Prof Susan Visvanathan (Jawaharlal

Nehru University), Dr. B. Ekbal (Member, Kerala State Planning Board), Dr. K.K Eswaran Namboodiri (CDS). Prof Vineetha Menon, former professor of Anthropology, Kannur University will chair the session.
The programme will be inaugurated by Prof Sabu Thomas, Vice Chancellor, Mahatma Gandhi University. Adv. P.K. Harikumar, Member of Syndicate, Prof. K.M. Seethi, Hon. Director, IUCSSRE and Prof V. Mathew Kurian, Hon. Joint Director, KN Raj Centre will offer felicitations.
The colloquium will take up issues of equity and efficiency in the regional development scenario of Kerala in the broader context of pan-Indian economic development trajectory. The challenges Kerala faces in the post-flood, post-GST scenario will be discussed focusing on Kerala's fiscal issues, health, education and water management policies.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ